പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2115. 13/06/2019-ൽ മറുപടിക്ക്

## അമിത ഫീസ് ഈടാക്കുന്ന സ്വകാര്യ ആശുപത്രികൾക്കും ലാബുകൾക്കുമെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കിയത് മൂലം സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ സ്വകാര്യ ആശുപത്രികളും ലാബുകളും പാവപ്പെട്ട രോഗികളിൽ നിന്നും അമിത ചാർജ്ജ് ഈടാക്കി ചികിത്സകളും പരിശോധനകളും നടത്തുന്നത് നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ടോ; | എ, ബി, & സി. | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 01.01.2019 മുതൽ സംസ്ഥാനത്ത് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ 9 ജില്ലകളിലാണ് രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സേവന നിരക്ക് അതാത് സ്ഥാപനങ്ങൾ തന്നെയാണ് നിശ്ചയിക്കേണ്ടത്. സ്ഥിരം രജിസ്ട്രേഷൻ ലഭിക്കുന്ന സ്ഥാപനങ്ങൾ അതാത് സ്ഥാപനങ്ങളിലെ സേവനങ്ങൾക്ക് ഈടാക്കുന്ന തുക പ്രദർശിപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങൾ പ്രദർശിപ്പിക്കുന്ന തുകയിൽ അമിതമായി ഈടാക്കുന്ന പക്ഷം അത്തരം സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| ബി) | ഓരോ സ്ഥാപനവും വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് എത്രയാണെന്ന് പ്രദർശിപ്പിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് കമ്മിറ്റി നിശ്ചയിച്ച നിരക്ക് പ്രകാരമുള്ള ഫീസാണോ ഓരോ സ്ഥാപനങ്ങളും ബോർഡിൽ പ്രദർശിപ്പിച്ചിട്ടുള്ളതും ഈടാക്കുന്നതു മെന്ന് പരിശോധിച്ചിട്ടുണ്ടോ; | | |
| സി) | അമിത ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ